**കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# എടച്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2018-19**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**സിവിൽ സ്റ്റേഷൻ, കോഴിക്കോട്**

e-mail: dokkd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി.പി 5 /361/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 04952371012

തീയതി -05.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടച്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടച്ചേരി ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.5/361/2020 തീയതി -05.05.2020

## കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 11.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ 17.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.സതീഷ് കുമാർ | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീ. ശ്യാംജിത്ത്.എം | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷിനിത്ത്.എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഡാനിഷ്.എ.ഇസെഡ് | ഓഡിറ്റർ |
| | ശ്രീ. ഷിബിൻ.കെ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. അരവിന്ദാക്ഷൻ.ടി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ബാലഗോപാലൻ.വി.പി | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ. സജീവൻ.എം.സി<br>(ഇൻ-ചാർജ്) | 01.06.2018 മുതൽ 28.06.2018 വരെ<br>19.03.2019 മുതൽ 31.03.2019 വരെ |
| | ശ്രീ. മോഹൻരാജ്.വി.പി | 28.06.2018 മുതൽ 18.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ. സജീവൻ.എം.സി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. സുനിത.പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശ്രീജ.പി | 01.04.2018 മുതൽ 08.02.2019 വരെ<br>18.03.2019 മുതൽ 31.03.2019 വരെ |
| | ശ്രീമതി. അശ്വതി.സി.എൻ | 09.02.2019 മുതൽ 17.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. വിപിൻ.വി.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. രാജേഷ്.എൻ | 01.04.2018 മുതൽ 22.08.2018 വരെ |
| | | 11.09.2018 മുതൽ 26.11.2018 വരെ |
| | | 07.12.2018 മുതൽ 24.12.2018 വരെ |
| | | 14.01.2019 മുതൽ 31.03.2019 വരെ |
| | ഡോ. രമേശൻ.കെ.പി | 23.08.2018 മുതൽ 10.09.2018 വരെ |
| | ഡോ. ശ്യാംസുന്ദർ.കെ.എം | 26.11.2018 മുതൽ 07.12.2018 വരെ |
| | ഡോ. സജിത്ത്.വി | 24.12.2018 മുതൽ 14.01.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ഇന്ദു.കെ | 01.04.2018 മുതൽ 31.05.2018 വരെ |
| | | 01.08.2018 മുതൽ 31.03.2019 വരെ |
| | ഡോ. സ്വപ്ന.സി | 31.05.2018 മുതൽ 31.07.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഗ്യാനേന്ദ്രസിംഗ് | 01.04.2018 മുതൽ 28.02.2019 വരെ |
| | ഡോ. അനീഷ് | 01.03.2019 മുതൽ 29.03.2019 വരെ |
| | ഡോ. അജിത്ത്.വി | 30.03.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗിരിജ കുന്നമ്മൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മഹേഷ്.കെ.കെ | 05.12.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. റിജിന.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. രാജേഷ്.കെ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ക്യാഷ് പരിശോധന | 1-5 |

| | | |
|---|---|---|
| 6 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 7 | വാർഷികകണക്കുകളിലെ അപാകതകൾ | 1-7 |
| 8 | ഓഫീസ് കലക്ഷൻ അടവാക്കിയതിലെ കാലതാമസം | 1-8 |
| 9 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-9 |
| 10 | ഡി ആൻഡ് ഓ ലൈസൻസ് അപാകത | 1-10 |
| 11 | പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം | 1-11 |
| 12 | പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-12 |
| 13 | ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കി | 1-13 |
| 14 | കരാറുകാരൻ ഉപേക്ഷിച്ച പ്രോജക്ടുകളിലെ റിട്ടെൻഷൻ തുക തിരിച്ചുനല്കിയതിലെ അപാകത | 1-14 |
| 15 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ | 1-15 |
| 16 | എസ്റ്റിമേറ്റിന് വിരുദ്ധമായി സബ്-ഗ്രേഡ്, GSB ലെയർ ഇല്ലാത്ത സ്ഥലത്ത് ടാറിങ് പ്രവൃത്തി | 1-16 |
| 17 | കമ്പ്യൂട്ടറുകൾ അനുബന്ധ ഹാർഡ്‌വെയറുകൾ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-17 |
| 18 | ആദായനികുതി ഫയൽ ചെയ്തതിലെ അപാകത 15390/- രൂപ നഷ്ടം | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 20 | അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം | 1-20 |
| 21 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല | 1-21 |
| 22 | ആശ്രയ പരിചരണ സേവന പേക്കേജ് -നടപ്പിലാക്കിയില്ല | 1-22 |
| 23 | സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ പദ്ധതിയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം | 1-23 |
| | **ഭാഗം 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 24 | ഓഫീസ് കലക്ഷൻ അടവാക്കിയതിലെ കാലതാമസം | 2-1 |
| | **ഭാഗം 3** | |

| | | |
|---|---|---|
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 25 | പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം | 3-1 |
| 26 | പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 3-2 |
| 27 | ആദായനികുതി ഫയൽ ചെയ്തതിലെ അപാകത 15390/- രൂപ നഷ്ടം | 3-3 |
| | **ഭാഗം 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 28 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 29 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 36 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |



# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22.03.2018 ലെ 78/2018 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 10.01.2019 ലെ 2/2019 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48,50,683 |
| വരവ് | 8,22,26,336 |
| ആകെ | 8,70,77,019 |
| ചെലവ് | 6,36,86,718 |
| നീക്കിയിരിപ്പ് | 2,33,90,301 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 1,41,32,000 | 1,41,32,000 | 1,41,32,000 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 13,77,000 | 13,77,000 | 10,26,051 | 3,50,949 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 56,70,000 | 56,70,000 | 56,70,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 29,73,000 | 29,73,000 | 25,88,880 | 3,84,120 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 65,58,000 | 65,58,000 | 65,58,000 | 0 |
| സാക്ഷരത | | 82,211 | 3,217 | 85,428 | 0 | 85,428 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 3,33,61,231 | 3,33,61,231 | 3,33,61,231 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 15,476 | 4,18,042 | 4,33,518 | 4,10,574 | 22,944 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ സി ഡി എസ് | | 21,200 | 5,18,200 | 5,39,400 | 4,77,006 | 62,394 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജലനിധി | | 4,80,873 | 55,95,927 | 60,76,800 | 41,93,754 | 18,83,046 |
| ശുചിത്വ മിഷൻ | | 0 | 15,65,010 | 15,65,010 | 5,08,636 | 10,56,374 |

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.03.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തരനിയന്ത്രണം

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-7 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 പ്രകാരം വാർഷിക കണക്ക് പരിശോധിച്ചതിൽ, ചുവടെപ്പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. കനറാ ബാങ്ക് ഇ-സാന്റ് (A/c1137101040932) അക്കൗണ്ടിൽ B-17ഷെഡ്യൂൾ പ്രകാരം 508135/-രൂപ നീക്കയിരിപ്പുണ്ട്. ടി അക്കൗണ്ടിൽ ഇടപാടുകൾ ഒന്നും തന്നെ ഇല്ല. ബാലൻ സ് ഷീറ്റ് (B9)പ്രകാരം R.M.Fഇനത്തിൽ 101790/- രൂപയും Royaltyഇനത്തിൽ 53716/-രൂ പയും അടവുകൾ അവശേഷിക്കുന്നതായി കാണുന്നു. മണൽ വിതരണം നടത്തിയ കാലയളവിൽ മേൽ പറഞ്ഞ തുകകൾ അടവാക്കേണ്ടി വരുന്നില്ല. പ്രസ്തുത ടി മണൽ വരവ് തിരിച്ച് അടക്കുന്നതിനോ പഞ്ചായത്തിൽ മുതൽ കൂട്ടുന്നതിനോ ഉള്ള സർക്കാർ നിർദ്ദേശം ലഭ്യമാക്കാനുള്ള തുടർ നടപടികൾ കൈകൊണ്ടതായി കാണുന്നില്ല.
2. എടച്ചേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (a/c576)2018-19 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 1/10/11 -ന് ലഭിച്ച (ചെക്ക് നമ്പർ ഇല്ല) 2992/-രൂപയുടെ ചെക്ക് ബാങ്കിൽ നല്കിയത് പണമാക്കാത്തതായി കാണുകയുണ്ടായി.പ്രസ്തുത ചെക്കിന്റെ നിജ സ്ഥിതി വ്യക്തമല്ല.
    1. എസ്.ബി.ടി ഇ ടാക്സ് പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ചതിൽ സഞ്ചയ ഓൺലൈൻ പ്രകാരം ലഭിച്ച തുകകൾ വളരെ വൈകിയാണ് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നത്. ഉദാഹരണം താഴെ ചേർക്കുന്നു.

| കളക്ഷൻ തിയ്യതി | തുക | ബാങ്കിൽ വരവ് വന്ന തീയ്യതി |
|---|---|---|
| 1. 29.01.2019 | 5962 | 29.02.2019 |
| 2. 05.02.2019 | 900 | 29.03.2019 |
| 3.23.02.2019 | 629 | 23.03.2019 |

മേൽ അപാകത പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ യഥാസമയം ലഭിക്കാത്തത് ഉത്തരവാദപ്പെട്ടവരുടെ വീഴ്ചയാണ്.

3. B-4 ഷെഡ്യൂൾ പ്രകാരം കാണിച്ച (code No.320700104) ബ്ലോക്ക് വിഹിതം748316/- രൂപ ബാങ്ക് അക്കൗണ്ടിൽ ,എസി.ആർ -ൽ കാണിക്കാൻ സാധിച്ചിട്ടില്ല. തുകയുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതുണ്ട്.
4. B-18 ഷെഡ്യൂൾ പ്രകാരം code 460100103 ൽ 6124/-രൂപ ലോൺ ,അഡ്വാൻസ് ഇനത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം അപ്രകാരമുള്ള ഒരു തുകയുടെ വിവരങ്ങൾ ലഭ്യമല്ല.

    മേൽ പറഞ്ഞ ന്യൂനതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും എ.എഫ്.എസ് പ്രകാരമുള്ള തുകയും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

a) 2018-19 ലെ D.C.B Balance of previous year remitted advance tax after adjustments as per advance register ലെ നീക്കിയിരിപ്പ് തുക B9(AFS) പ്രകാരം പൊരുത്തപ്പെടുന്നില്ല.

b) Arrear ലഭിക്കാനായുള്ള തുക (2018-19) 12035/-ഉകയാണ്. എന്നാൽ 2018-19 ൽ 14137/- രൂപ Arrearആയി ലഭിച്ചിട്ടും DCB Arrear balance ആയി 917/- രൂപ കാണുന്നു.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. ഡിപ്രിസിയേഷൻ നിരക്ക് ,ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ഡിപ്രസിയേഷൻ കണക്കാക്കിയിരിക്കുന്നത്.

9. തൊഴിൽ നികുതി (ജീവനക്കാരുടെ) സെക്രട്ടറി സാക്ഷ്യപ്പെടുത്തയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 ഓഫീസ് കലക്ഷൻ അടവാക്കിയതിലെ കാലതാമസം

2018-19 വർഷത്തെ ഡേ ബുക്ക്, ബാങ്ക് പാസ്സ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 09.11.2018ലെ ഓഫീസ് കലക്ഷൻ തുകയായ 26044രൂപക്ക് പകരം 2644രൂപ അടവാക്കിയതായും ശേഷിക്കുന്ന തുകയായ 23400/-രൂപ 14.01.2019ന് എടച്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ അടവാക്കിയതായും കാണുന്നു. പ്രസ്തുത കാലതാമസത്തിന് വിശദീകരണം ആവശ്യപെട്ട് 13.03.2020ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 8/18-19ന് 16.03.2020ന് സെക്രട്ടറി നൽകിയ മറുപടിയിൽ തുക മുഴുവനായും കലക്ഷൻ ലഭിച്ച ദിവസം തന്നെ ബാങ്കിൽ നൽകിയെങ്കിലും 2644/-രൂപ മാത്രമാണ് റെസീപ്റ്റ് ചെയ്തതെന്നും പ്രസ്തുത കാര്യം ശ്രദ്ധയിൽ പെട്ടപ്പോൾ ബാങ്കിൽ അന്വേഷിക്കുകയും അന്നേ ദിവസം അധികമായിവന്ന തുക അനാമത്തായി ബാങ്കിൽ സൂക്ഷിക്കുകയും 14.01.2019ന് അക്കൗണ്ടിൽ അടവാക്കിയതായും അറിയിച്ചിട്ടുണ്ട്. 23400/-രൂപക്ക് 65 ദിവസത്തേക്ക് 4ശതമാനം പലിശനിരക്കിൽ ലഭിക്കുമായിരുന്ന 156രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടപെട്ടതായി ഓഡിറ്റ് കണ്ക്കാക്കുന്നു. 156/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

അതത് ദിവസങ്ങളിലെ പിരിവ് തുകയുടെ കൃത്യത, അക്കൗണ്ടിംഗിന്റെയും ഒടുക്കലിന്റേയും പരിശോധനക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആയത് നിർവ്വഹിക്കുന്നുണ്ടെന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തി, ഡേ ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ നോട്ട ചുമതലയുള്ള കാഷ്യർ, അക്കൗണ്ടന്റ് , ഹെഡ് ക്ലർക്ക് എന്നിവർ ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതാണ് മേൽ അപാകതക്ക് കാരണമായത്. രശീത് പിരിവിന്റെയും അടവാക്കലിന്റെയും കൃത്യത പരിശോധിക്കുന്നതിനുള്ള ആഭ്യന്തര സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തത് ഭാവിയിൽ ഗുരുതരമായ അപാകതകൾക്ക് കാരണമായേക്കാം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ മേൽ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-9 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

എടച്ചേരി ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് തക്കതായ കാരണം രേഖപ്പെടുത്താതെ വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 3/385 A | ശോഭ,<br>കുറുന്താളി,<br>ഇരിങ്ങണ്ണൂർ | $65.26\ m^2$<br>വാണിജ്യം | 3133 + 157 (5% LC) = 3290 |
| 3/385 B | | $70.96\ m^2$<br>വാണിജ്യം | 3407 + 171 (5% LC) = 3578 |
| 3/385 C | | $47.28\ m^2$<br>വാണിജ്യം | 2270 + 114 (5% LC) = 2384 |
| 3/385 D | | $10.09\ m^2$<br>വാണിജ്യം | 485 + 25 (5% LC) = 510 |
| 3/385 E | | $21.76\ m^2$<br>വാണിജ്യം | 1045 + 53 (5% LC) = 1098 |
| | ആകെ | $215.35\ m^2$ | 10340 + 520 (5% LC) = 10860 |
| കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ<br>ആകെ തറവിസ്തീർണ്ണം- 215.35 ച.മീ<br>215.35 x 60 = 12921+ (20% വഴിസൗകര്യം വർദ്ധനവ്)<br>= 15506 + 776 (5% LC) = 16282<br>ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 16282<br>ഈടാക്കിയ നികുതി - 10860<br>നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം -5166 + 256 LC = 5422 രൂപ | | | |

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 1/281 A | യൂസഫ്,<br>കുറുവാളിയിൽ, | $54.5\ m^2$<br>വാണിജ്യം | 2398 + 120 (5% LC) = 2518 |

| | | | |
|---|---|---|---|
| 1/281 B | കായപ്പനച്ചി | 19.5 $m^2$ വാണിജ്യം | 858 + 43 (5% LC) = 901 |
| 1/281 C | | 26.63 $m^2$ വാണിജ്യം | 1172 + 59 (5% LC) = 1231 |
| 1/281 D | | 26.62 $m^2$ വാണിജ്യം | 1172 + 59 (5% LC) = 1231 |
| | ആകെ | 127.25 $m^2$ | 5600 + 281 (5% LC) = 5881 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 127.25 ച.മീ

127.25 x 60 = 7635 – (10% മേഖല ഇളവ്) + (20% വഴിസൗകര്യം വർദ്ധനവ്) = 8399+420 = 8819

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 8819 -

ഈടാക്കിയ നികുതി - 5881

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 2799+139 LC=2938

3)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 4/487 B | സുധീവൻ, കിഴക്കെ കുണ്ടാഞ്ചേരി, ഇരിങ്ങണ്ണൂർ | 19.258 $m^2$ വാണിജ്യം | 925 + 47 (5% LC) = 972 |
| 4/487 C | | 17.776 $m^2$ വാണിജ്യം | 854 + 43 (5% LC) = 897 |
| 4/487 D | | 14.012 $m^2$ | 673 + 34 (5% LC) = 707 |

| | | | |
|---|---|---|---|
| | | വാണിജ്യം | |
| 4/487 E | | 12.834 $m^2$ വാണിജ്യം | 617 + 31 (5% LC) = 648 |
| 4/487 F | | 14.916 $m^2$ വാണിജ്യം | 716 + 36 (5% LC) = 752 |
| 4/487 G | | 13.662 $m^2$ വാണിജ്യം | 656 + 33 (5% LC) = 689 |
| 4/487 H | | 12.831 $m^2$ വാണിജ്യം | 616 + 31 (5% LC) = 647 |
| 4/487 I | | 12.051 $m^2$ വാണിജ്യം | 579 + 29 (5% LC) = 608 |
| 4/487 J | | 12.051 $m^2$ വാണിജ്യം | 579 + 29 (5% LC) = 608 |
| 4/487 K | | 14.32 $m^2$ വാണിജ്യം | 688 + 35 (5% LC) = 723 |
| 4/487 L | | 16 $m^2$ വാണിജ്യം | 768 + 39 (5% LC) = 807 |
| 4/487 M | | 14.887 $m^2$ വാണിജ്യം | 715 + 36 (5% LC) = 751 |
| 4/487 N | | 15.244 $m^2$ വാണിജ്യം | 732 + 37 (5% LC) = 769 |
| | ആകെ | 189.842 $m^2$ | 9118 + 460 (5% LC) = 9578 |

| |
|---|
| കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ<br>ആകെ തറവിസ്തീർണ്ണം- 189.842 ച.മീ<br>189.842 x 60 = 11390.52 + (20% വഴിസൗകര്യം വർദ്ധനവ്) = 13669+684 (5% LC) = 14353<br>ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 14353<br>ഈടാക്കിയ നികുതി - 9578<br>നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 4551 + 224(5% LC) = 4775 |

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനു പയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-10 ഡി ആൻഡ് ഓ ലൈസൻസ് അപാകത

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷംവരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1739 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം 33 കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 1706 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ,വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 514 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 645 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 1061 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

09.01.2018ൽ നടന്ന ഭരണസമിതി യോഗത്തിൽ 20-)ം നമ്പർ തീരുമാനമായി അനധികൃത ഭക്ഷണശാലകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപെടുത്തിയതിൻെറ തുടർ നടപടികൾ അറിയിക്കുന്നതിനായി 13.03.2020ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 9/18-19 ) മറുപടിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന 4 ഭക്ഷണശാലകൾ കണ്ടെത്തി 4000/-രൂപ 22.02.2020ന് പിഴ അടച്ചതായി അറിയിച്ചിട്ടുണ്ട് എന്നാൽ മേൽ തീരുമാനമെടുത്ത് രണ്ട് വർഷത്തിന് ശേഷമാണ് ഇത്തരത്തിൽ പിഴ ഈടാക്കിയത് ആയത് ഉത്തരവാദപ്പെട്ട ഉദ്ധ്യോഗസ്ഥർ എടുത്ത തീരുമാനം നടപ്പിൽ വരുത്തിയോ എന്ന് വിലയിരുത്താത്തത് മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1706 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വെക്കുന്നതിലുള്ള കാലതാമസം

2018-19 വർഷം എടച്ചേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1.2.2012തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി നമ്പർ കത്ത് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് അയക്കേണ്ടതുണ്ട്. ഈ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം 14 ദിവസത്തിനകം കരാർ ഒപ്പുവെക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1 % പിഴ ഈടാക്കിയാണ് കരാർ വെക്കേണ്ടത്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. പ്രസ്തുത നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. പല സെലക്ഷൻ നോട്ടീസുകളിലും നമ്പർ, തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ചില പ്രവൃത്തികളുടെ കാര്യത്തിൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ ഉടൻ കരാർ വെക്കുന്നുണ്ടെങ്കിലും നോട്ടീസ് കൈപ്പറ്റുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ലാത്ത / നോട്ടീസ് കൈപ്പറ്റുന്നതിൽ കാലതാമസം - വന്ന പ്രവൃത്തികളിൽ ടെണ്ടർ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തിയ്യതി / സെലക്ഷൻ നോട്ടീസ് തിയ്യതി- മുതൽ 3 ദിവസത്തിനകം കരാറുകാർക്കുള്ള സെലക്ഷൻ നോട്ടീസ് കത്ത് രജിസ്റ്റർ ചെയ്തതായി കണക്കാക്കിയാൽപോലും 14 ദിവസത്തിനുശേഷമാണ് കരാർ ഒപ്പിട്ടതെന്ന് കാണാവുന്നതാണ്. ഈ പ്രവൃത്തികളിൽ കരാറുകാർക്ക് യഥാസമയം സെലക്ഷൻ നോട്ടീസ് അയക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് (നമ്പർ, പേര്) | ചെലവ്തുക, ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി നമ്പർ/ ചെക്ക് നമ്പർ ) | സെലക്ഷൻ നോട്ടീസ് തിയ്യതി | നോട്ടീസ് കൈപ്പറ്റിയ തിയ്യതി | കരാർ നമ്പർ, തിയ്യതി | കരാറുകാരൻ | ടി.എസ് നമ്പർ | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|---|---|---|---|---|---|---|
| 1. | 68/19,ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് | 134035 രൂ, MG (NR) | ae/edy/29/ 18-19 തിയ്യതി 22.2.19 | 4.8.18 | 8.8.18 | ae/lsgd/ 7/18-19 തിയ്യതി 1.9.18 | രാജീവൻ പി.ടി.കെ | 60323/ 18-19 | 139392 | 1394 |
| 2. | 67/19,കുടുംബാരോഗ്യ കേന്ദ്രം കോമ്പൌണ്ടിൽ വയോജന സൌഹൃദകേന്ദ്രം | 393957 രൂ, വികസന ഫണ്ട്, തനത് ഫണ്ട് | ae/edy/36/ 18-19 തിയ്യതി 22.3.19, (242430 രൂ), ചെക്ക് നമ്പർ 3061657 തിയ്യതി 23.3.19 (151527രൂ) | 4.8.18 | 18.8.18 | ae/lsgd/ 6/18-19 തിയ്യതി 1.9.18 | രാജീവൻ പി.ടി.കെ | 55757/ 18-19 | 456395 | 4564 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 3. | 63/19,പുത്തമ്പുരയിൽ അയനിക്കണ്ടി റോഡ് മെയിന്റനൻസ് | 77642 രൂ, MG(R) | ae/edy/31/ 18-19 തിയ്യതി 6.2.19 | 4.8.18 | 29.8.18 | ae/lsgd/ 12/ 18-19 തിയ്യതി 1.9.18 | സി.പ്രശോഭൻ | 9296/ 18-19 | 77642 | 776 |
| 4. | 86/19,കോളോത്ത്മുക്ക് കോടഞ്ചേരിഎൽ.പി സ്കൂൾ റോഡ് റീടാറിങ് | 396357 രൂ, MG(R) | ae/edy/46/ 18-19 തിയ്യതി 25.03.19 | 4.8.18 | 29.8.18 | ae/lsgd/ 13/ 18-19 തിയ്യതി 1.9.18 | എ.ജനാർദ്ദനൻ | 35326/ 18-19 | 397583 | 3976 |
| 5. | 141/19,പുത്തമ്പുരയിൽ ആയനക്കണ്ടി റോഡ് ടാറിങ് | 459210 രൂ, MG(R) | ae/edy/27/ 18-19 തിയ്യതി 22.3.19 | (ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം 02/18 തിയ്യതി 9.1.18 ) | - | ae/lsgd/ 17/ 17-18, തിയ്യതി 30.1.18 | സി.പ്രശോഭൻ | 66337/ 17-18 | 458618 | 4586 |
| 6. | 74/19,പുതിയെടുത്ത് മുക്ക്-എ.കെ.ജി വായനശാല റോഡ് റീടാറിങ് | 322439 രൂ, MG(R) | ae/edy/32/ 18-19 തിയ്യതി 22.2.19 | 4.8.18 | - | ae/lsgd/ 18/ 18-19 തിയ്യതി 14.9.18 | പി.പവിത്രൻ | 21000/ 18-19 | 322484 | |
| 7. | 85/19,കാക്കന്നൂർ മുക്ക്-പിലാവിൽമുക്ക് റോഡ് ടാറിങ് | 349729 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ae/edy/37 18-19 തിയ്യതി 22.3.19 | 4.8.18 | - | ae/lsgd/ 16/ 18-19 തിയ്യതി 5.9.18 | കെ.ടി.കെ. ബാബു | 5072/ 18-19 | 349729 | |
| 8. | 100/19, പച്ചോളങ്ങരമുക്ക് - വെളുത്തപറമ്പത്ത് റോഡ് പുനരുദ്ധാരണം | 359616 രൂ, MG(R) | ae/edy/42/ 18-19 തിയ്യതി 22.3.19 | 4.8.18 | 29.8.18 | ae/lsgd/ 10/ 18-19 തിയ്യതി 1.9.18 | സി.പ്രശോഭൻ | 27934/ 18-19 | 397507.9 | |
| 9. | 102/19, | 450000 രൂ, | 2185209 | 4.8.18 | - | ae/lsgd/ | വിപിൻ കുമാർ. | 35331/ | 449526 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മാരാംകണ്ടി തെക്കയിൽമുക്ക് കോളനിറോഡ് | തനത്ഫണ്ട് | തിയ്യതി 26.3.19 | | | 17/ 18-19 തിയ്യതി 14.9.18 | പി | 18-19 | |
| 10. | 71/19, കരുവാരിമുക്ക്-ചുണ്ടയിൽതെരുറോഡ് പുനരുദ്ധാരണം | 376041രൂ, MG(R) | 48/18-19, തിയ്യതി 29.3.19 | 4.8.18 | - | ae/lsgd/ 15/ 18-19 തിയ്യതി 1.9.18 | വളയം ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി | 4192/ 18-19 | 389639 |
| 11. | 62/19, കുടുംബാരോഗ്യകേന്ദ്രം മെയിന്റനൻസ് (ഫാർമസി സ്റ്റോർ) | 657087രൂ, MG(R) | 37/18-19, തിയ്യതി 22.3.19 | - (ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം 215/18 തിയ്യതി 12.10.18) | - | ae/lsgd/32/ 18-19 തിയ്യതി 3.12.18 | രാജീവൻ. പി.ടി.കെ | 65413/ 18-19 | 657090 |
| 12. | 151/19, പട്ടികജാതി വനിതവ്യവസായ കേന്ദ്രം മെയിന്റനൻസ് | 193779 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ae/edy/20/ 18-19 തിയ്യതി 18.12.18 | - (ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം 181/2018(1) തിയ്യതി 5.9.18 | - | ae/lsgd/ 21/ 18-19 തിയ്യതി 1.10.18 | രാജീവൻ. പി.ടി.കെ | 72966/ 18-19 | 193495 |

കരാർ വെക്കുന്നതിന് കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-12 പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല

എടച്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ താഴെക്കാണിച്ച പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരണ കാലാവധിക്കു ശേഷമാണ് പ്രവൃത്തികൾ പൂർത്തീകരിച്ചത്. ഈ പ്രവൃത്തികളിൽ ഒന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന്

കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. 1.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012 /പി.ഡബ്ള്യൂ.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത് , ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നല്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് (നം , പേര്) | ചെലവഴിച്ച തുക(രൂ) , ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി.നം/ ചെക്ക് നമ്പർ) | ടി.എസ് നമ്പർ , ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എഗ്രി. നമ്പർ , തിയ്യതി | എം.ബുക്ക് നമ്പർ , എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീ കരിച്ച തിയ്യതി | പി.എ.സി തുക (രൂ) | കരാറു കാരൻ | ഈടാ ക്കേണ്ട പിഴ / റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1. | 74/19 , പുതിയെട്ടത്ത് മുക്ക്- എ.കെ.ജി വായനശാല റോഡ് റീടാറിങ് | 322439 രൂ, MG(R) | ട്ര.ബി.നം. ae/edy/32/ 18-19 തിയ്യതി 22.2.19 | 21000/18-19, 4 മാസം | ae/lsgd/18/ 18-19 തിയ്യതി 14.9.18 | 106/18-19, 13.2.19 | 322484 രൂ | പി.പവിത്രൻ | 3225 രൂ (പി.എ.സി തുകയുടെ 1 %) |
| 2. | 141/19 ,(84/18) പുത്തമ്പുരയിൽമുക്ക് ആയനക്കണ്ടി റോഡ് ടാറിങ് | 459210 രൂ, MG(R) | ട്ര.ബി.നം. ae/edy/27/ 18-19 തിയ്യതി 22.3.19 | 66337/17-18, കാലയളവ് രേഖപ്പെടുത്തി യിട്ടില്ല. | ae/lsgd/17/ 17-18 തിയ്യതി 30.1.18 | 85/18-19, 24.1.19 | 458618 രൂ | സി. പ്രശോഭൻ | പ്രോജക്റ്റ് നമ്പർ 141/19 സ്പിൽ ഓവർ പ്രോജക്റ്റ് ആണ്.2017-18 വർഷത്തെ 84/18നമ്പർ ഏകവർഷ പ്രോജക്റ്റ് ആയാണ് ആരംഭിച്ചത്. എഗ്രിമെന്റ് വെച്ചതും 2017-18 ലാണ്. ആയതിനാൽ 31.3.18 തിയ്യതിയിൽ പൂർത്തികേണ്ടതായി കണക്കാക്കുന്നു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഈടാക്കേണ്ട പിഴ 13759 രൂ (പി.എ.സി തുകയുടെ 3%) |
| 3. | 67/19, കുടുംബാരോഗ്യ കേന്ദ്രം കോമ്പൌണ്ടിൽ വയോജന സൌഹൃദ കേന്ദ്രം | 242430രൂ (വികസനം), 151527 രൂ (തനത്) | ae/edy/36/ 18-19 തിയ്യതി 22.3.19 ചെക്ക് നമ്പർ 3061657 തിയ്യതി 23.3.19 | 55757/ 18-19, 3 മാസം | ae/lsgd/6/ 18-19 തിയ്യതി 1.9.18 | 80/18-19, 70/18-19, 28.1.19 | 456395 | രാജീവൻ പി.ടി.കെ | 13692 രൂ (പി.എ.സി തുകയുടെ 3 %) |
| 4. | 72/19, കൈപ്പാണിമുക്ക് അങ്കണവാടി റോഡ് പുനരുദ്ധാരണം | 285361 രൂ, MG(R) | ae/edy/40/ 18-19 തിയ്യതി 22.3.19 | 19852/ 18-19, 4 മാസം | ae/lsgd/2/ 18-19 തിയ്യതി 6.8.18 | 64/18-19, 8.2.19 | 297912 | രജിത്ത്. പി.കെ | 8937 രൂ (പി.എ.സി തുകയുടെ 3%) |
| 5. | 71/19, കരുവാരിമുക്ക്-ചുണ്ടയിൽതെരു റോഡ് പുനരുദ്ധാരണം | 370641 രൂ, MG(R) | ae/edy/48/ 18-19 തിയ്യതി 29.3.19 | 4192/ 18-19, 4 മാസം | ae/lsgd/15/ 18-19 തിയ്യതി 1.9.18 | 135/18-19, 19.3.19 | 389639 | വളയം ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 11689 രൂ (പി.എ.സി തുകയുടെ 3%) |
| 6. | 102/19, മാരാംകണ്ടി തെക്കയിൽ | 450000 രൂ, തനത് | ചെക്ക് നമ്പർ | 35331/ 18-19, 4 മാസം | ae/lsgd/17/ 18-19 | 104/18-19, 7.2.19 | 449526 | വിപിൻ കുമാർ.പി | 4495 രൂ (പി.എ.സി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മുക്ക് കോളനി റോഡ് | | 2185209 തിയ്യതി 26.3.19 | | തിയ്യതി 14.9.18 | | | തുകയുടെ 1%) |

ആകെ പിഴ :55797 രൂ

55797 രൂ പിഴ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കി

1.10.2017 തിയ്യതി മുതൽ എടച്ചേരി ഗ്രാമപഞ്ചായത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനത്തിൽ നിന്നും 39.22 ശതമാനമാക്കി കുറച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രോജക്ടുകളിൽ ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കിലാണ് പ്രവൃത്തികൾ നടപ്പാക്കിയത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പ്രോജക്ട്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് , ഫണ്ട് | ട.ബി നമ്പർ , തിയ്യതി | ടി.എസ് നമ്പർ . തിയ്യതി , തുക | അവസാന ടെണ്ടർ/ ക്വട്ടേഷൻ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | 142/19, തലായി മണക്കുളങ്ങര നടപ്പാത | 8 ലക്ഷം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ae/edy/15/ 18-19 തിയ്യതി 31.8.18 | 38173/ 17-18 , തിയ്യതി 29.7.17 , 8 ലക്ഷം രൂ | ടെണ്ടർ രജിസ്റ്ററിൽ എഴുതിയിട്ടില്ല | 2പ്രവൃത്തികളുടേയും ക്വട്ടേഷൻ 28.02.2018 തിയ്യതിയിലെ 51/2018(2) നമ്പർ തീരുമാനപ്രകാരമാണ് അംഗീകരിച്ചത്. |
| 2. | 128/19, മാവള്ളിമുക്ക് പാറക്കണ്ടി കോളനി റോഡ് ടാറിങ് | 300000 രൂ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, MG(R) | ae/edy/43/18-19 തിയ്യതി 22.3.19 (37390രൂ), ae/edy/39/18-19 തിയ്യതി 22.3.19 (262000 രൂ) | 16506/ 2017-18 , തിയ്യതി 16.7.17 , 3 ലക്ഷം രൂ | ടെണ്ടർ രജിസ്റ്ററിൽ എഴുതിയിട്ടില്ല | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

മേൽപരാമർശിച്ച പ്രവൃത്തികളിൽ ടെണ്ടർ ക്ഷണിച്ചെങ്കിലും പ്രതികരണമില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തികൾ എല്പിച്ചുകൊടുത്തത്. എന്നാൽ പ്രവൃത്തികളുടെ ക്വട്ടേഷൻ , പരിശോധനക്ക് ലഭിച്ചിട്ടില്ല. ക്വട്ടേഷൻ തിയ്യതികൾ ടെണ്ടർ രജിസ്റ്ററിലും എഴുതിയിട്ടില്ല. മേൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചത് 1.10.2017 തിയ്യതിക്ക് മുൻപ് ആണെങ്കിലും ക്വട്ടേഷനുകൾ അംഗീകരിക്കുന്നത് 28.02.2018 തിയ്യതിയിലാണ്. ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കിലാണ് പ്രവൃത്തികൾ നടപ്പാക്കിയത്.കുറഞ്ഞ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി സാമ്പത്തികഭാരം കുറച്ച് പ്രവൃത്തി നടപ്പാക്കാനുള്ള നടപടി അധികൃതർ സ്വീകരിച്ചില്ല. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-14 കരാറുകാരൻ ഉപേക്ഷിച്ച പ്രോജക്ടുകളിലെ റിട്ടെൻഷൻ തുക തിരിച്ചുനല്കിയതിലെ അപാകത

പ്രവൃത്തി പൂർത്തിയാക്കാതെ കരാറുകാരൻ ഉപേക്ഷിച്ച 2016-17 വർഷത്തെ 2 പ്രോജക്ടുകളിലെ പാർട്ട് ബില്ലുകളിൽ നിന്നുള്ള റിട്ടെൻഷൻ തുക തിരിച്ച് നല്കുന്നതിന് 2018-19 വർഷത്തിൽ പ്രോജക്ട് വെച്ച് തുക ചെലവഴിച്ചതായി കാണുന്നു. 115/19 , 116/19 എന്നീ പ്രോജക്ടുകൾ പ്രകാരമാണ് 2018-19 വർഷത്തിൽ റിട്ടെൻഷൻ തിരിച്ചുനല്കുന്നതിന് തുക ചെലവഴിച്ചത് . വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| (i) പ്രോജക്ട് നമ്പർ | 115/19 |
| പ്രോജക്ട് | അങ്കണവാടികെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി (വാർഡ് 1,2,3,4) |
| റിട്ടെൻഷൻ തുക തിരിച്ചുനല്കുന്നതിന് ചെലവഴിച്ച തുക | 11675 രൂ |
| ഫണ്ട് | തനത് ഫണ്ട് |
| ചെക്ക് നമ്പർ ,തിയ്യതി | 1565994 തിയ്യതി 25.2.2019 |
| കരാറുകാരൻ | സി.ഷാജി |

പൂർത്തിയാകാതെ പോയ 2016-17 വർഷത്തെ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 110/17 |
| പ്രോജക്ട് | അങ്കണവാടികെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി (വാർഡ് 1,2,3,4) |
| 2016-17 വർഷത്തിൽ വകയിരുത്തിയ തുക | 375000 രൂ |
| 2016-17 വർഷത്തിൽ ചെലവഴിച്ച തുക | 105070 രൂ |

| | |
|---|---|
| ഫണ്ട് | MG (NR) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി | ae/edy/12/16-17 തിയ്യതി 31.3.17 |
| എം.ബുക്ക് നമ്പർ | 137/16-17 |
| എം.ബുക്ക് പ്രകാരം പൂർത്തീകരിച്ച പ്രവൃത്തി | 116745 രൂ (പാർട്ട് ബിൽ ) |
| എഗ്രിമെന്റ് നമ്പർ , എഗ്രി.തുക | ae/lsgd/21/16-17 തിയ്യതി 7.2.17 ,<br>തുക 375000 രൂ |
| ടി.എസ് നമ്പർ | 37648/2016-17 തിയ്യതി 9.12.2016 |
| പി.എ.സി തുക | 371139 രൂ |

5 അങ്കണവാടികളുടെ പെയിന്റിങ് , അങ്കണവാടികളുടെ മുറ്റം ഇന്റർലോക്ക് ചെയ്യൽ, മുറ്റം ഷീറ്റിടൽ എന്നിങ്ങനെയുള്ള പ്രവൃത്തികളായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.

റിട്ടെൻഷൻ തുക തിരിച്ചുനല്കിയ രണ്ടാമത്തെ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

| | |
|---|---|
| (ii) പ്രോജക്ട് നമ്പർ | 116/19 |
| പ്രോജക്ട് | അങ്കണവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി<br>(വാർഡ് 8,9,10) |
| റിട്ടെൻഷൻ തുക തിരിച്ച നല്കുന്നതിന് ചെലവഴിച്ച തുക | 8363 രൂ |
| ഫണ്ട് | തനത്ഫണ്ട് |
| ചെക്ക് നമ്പർ , തിയ്യതി | 1565994 തിയ്യതി 25.02.2019 |
| കരാറുകാരൻ | സി.ഷാജി |

പൂർത്തിയാകാതെ പോയ 2016-17 വർഷത്തെ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 112/17 |
| പ്രോജക്ട് | അങ്കണവാടികെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി<br>(വാർഡ് 8,9,10) |
| 2016-17 വർഷത്തിൽ വകയിരുത്തിയ തുക | 3 ലക്ഷം രൂ |

| | |
|---|---|
| 2016-17 വർഷത്തിൽ ചെലവഴിച്ച തുക | 75269 രൂ |
| ഫണ്ട് | MG(NR) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി | ae/edy/10/16-17 തിയ്യതി 31.3.17 |
| എം.ബുക്ക് നമ്പർ | 138/16-17 |
| എം.ബുക്ക് പ്രകാരം പൂർത്തീകരിച്ച പ്രവൃത്തി | 83632 രൂ (പാർട്ട് ബിൽ ) |
| എഗ്രിമെന്റ് നമ്പർ , എഗ്രി.തുക | ae/lsgd/20/2016-17 തിയ്യതി 7.2.17 ,<br>3 ലക്ഷം രൂ |
| ടി.എസ് നമ്പർ | 37874/2016-17 |
| പി.എ.സി തുക | 297823 രൂ |

2016-17 വർഷത്തെ പ്രോജക്ട് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 4 അങ്കണവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളാണ് നടത്തേണ്ടിയിരുന്നത്. പെയിന്റിങ് , കരിങ്കൽ കെട്ട് പൊളിച്ച് മാറ്റിപ്പണിയുക , മുറ്റം ഇന്റർ ലോക്കിങ് ചെയ്യുക എന്നിവയും പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാറുകാരൻ ഈ പ്രവൃത്തിയും ഉപേക്ഷിച്ചതായി മനസ്സിലാക്കുന്നു.

കരാർ ഉപേക്ഷിക്കാനുണ്ടായ സാഹചര്യം ഫയലിൽ പറയുന്നില്ല. പ്രവൃത്തി ഉപേക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ ഭാഗത്തുനിന്നും അപേക്ഷയൊന്നും സമർപ്പിക്കപ്പെട്ടതായി കാണുന്നില്ല .കരാറുകാരനുമായി ഉണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. 20038 രൂപയുടെ (11675 +8363) ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-15 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രോജക്ടുകൾ നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 2018-19 വർഷത്തിൽ തുക വകയിരുത്തിയ ധാരാളം പ്രോജക്ടുകൾ തൻവർഷം നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താൽ വകയിരുത്തലുകൾ പാഴാകാൻ ഇടയായി. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഫണ്ട് | വകയിരുത്തിയ തുക (രൂ) | ചെലവഴിച്ച തുക (രൂ) | ചെലവ് ശതമാനം | പാഴായ വകയിരുത്തൽ (രൂ) |
|---|---|---|---|---|---|
| 1. | വികസന ഫണ്ട്-പൊതുവിഭാഗം | 3609530 | 2396889 | 66.4 | 1212641 |
| 2. | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11156000 | 6001840 | 53.7 | 5154160 |
| 3. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 9203000 | 5670000 | 61.6 | 3533000 |

| | | | | | |
|---|---|---|---|---|---|
| 5. | മെയിന്റനൻസ് ഗ്രാന്റ്<br>(നോൺ റോഡ്) | 2605169 | 1461779 | 56.1 | 1143390 |

2. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

3. ടെണ്ടർ രജിസ്റ്ററിൽ പ്രവൃത്തികളുടെ ടെണ്ടർ തിയ്യതികൾ പലപ്പോഴും എഴുതുന്നില്ല.

ഉദാ: പ്രോജക്ട് നമ്പർ 142/19

4. സെലക്ഷൻ നോട്ടീസുകളിൽ നമ്പർ , തിയ്യതി , അവ കരാറുകാർ കൈപ്പറ്റിയ തിയ്യതി എന്നിവ എഴുതുന്നില്ല.

5. പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല.

6. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രവൃത്തികളുടെ ഫയലിൽ വെക്കുന്നില്ല.

7. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് . മോണിറ്ററിങ് സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ വെക്കുന്നില്ല.

8. ആസ്തി രജിസ്റ്റർ 2018-19 വർഷത്തെ വിവരങ്ങൾ കൂടി ചേർത്ത് കാലികമാക്കി വെച്ചിട്ടില്ല.

9. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

10 (I) ചില പ്രവൃത്തികളുടെ കാര്യത്തിൽ എം.ബുക്കിൽ വിശദമായ മെഷർമെന്റ് എഴുതാതെ മൊത്തമായതുമാത്രം എഴുതിയതായി കാണുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 124/19 , പൊയിൽമുക്ക് താഴെക്കണ്ടി റോഡ്<br>ടാറിങ് |
| ചെലവഴിച്ച തുക | 643671 രൂ |
| ഫണ്ട് | MG(R) |
| ട.ബിൽ നമ്പർ | ae/edy/8/18-19 തിയ്യതി 30.6.18 |
| എം.ബുക്ക് നമ്പർ | 98/17-18 |

മേൽ പ്രവൃത്തികളിൽ എം.ബുക്ക് നമ്പർ പേജ് നമ്പർ 6 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇത് പ്രകാരം സീൽ കോട്ട് പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. ആകെ 386.7 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി. ഓരോ റീച്ചുകളിലായി എത്ര ദൈർഘ്യത്തിലും വീതിയിലും പ്രവൃത്തി ചെയ്തു എന്ന് രേഖപ്പെടുത്തുന്നതിന് പകരം മൊത്തം 386.7 മീറ്റർ നീളത്തിൽ 3 മീറ്റർ ശരാശരിയിൽ പ്രവൃത്തി ചെയ്തു എന്നാണ് എം.ബുക്കിൽ രേഖപ്പെടുത്തിയത്. വിശദീകരണം നല്കേണ്ടതാണ്.

(II) റോഡ് പ്രവൃത്തികളിൽ പ്രവൃത്തി സ്ഥലത്തിന്റെ സ്കെച്ച് ബന്ധപ്പെട്ട ഫയലിൽ വെക്കുന്നില്ല. കൂടാതെ എം.ബുക്കിൽ പ്രവൃത്തിയുടെ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല. ഇതുകാരണം പ്രവൃത്തികളിൽ ഇരട്ടിപ്പ് വരുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

പലപ്പോഴും ഒരേ പേരിൽ തൻവർഷമോ , മുൻ വർഷമോ പ്രോജക്ടുകൾ ഉള്ളതായി കാണുന്നു.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(i) 2018-19 വർഷത്തെ പ്രോജക്ട്

| | |
|---|---|
| പ്രോജക്ട് | 130/19 , എടവശ്ശേരി ചേലോറുമ്മൽ റോഡ് ടാറിങ് |
| ചെലവഴിച്ച തുക | 148758 രൂ |

| | |
|---|---|
| ഫണ്ട് | MG(R) |
| ട്ര.ബിൽ നമ്പർ,തിയ്യതി | ae/edy/5/18-19 തിയ്യതി 30.6.18 |
| എം.ബുക്ക് നമ്പർ | 99/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 148758 രൂ |
| ടി.എസ് നമ്പർ , തിയ്യതി | 16497/17-18 തിയ്യതി 16.7.17 |
| കരാറുകാരൻ | ഹമീദ് .കെ |

എന്നാൽ ഇതേ പേരിലുള്ള പ്രവൃത്തി 82/16-17 നമ്പർ പ്രോജക്ട് ആയി നിലവിലുണ്ടായിരുന്നതായും വളയം ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാറുകാരുമായി 13.1.17 തിയ്യതിയിലെ ae/lsgd/6/16-17 നമ്പർ കരാർ ഒപ്പിട്ടതായും കാണുന്നു. എന്നാൽ പ്രവൃത്തി ഫയൽ പരിശോധനക്ക് ലഭിച്ചിട്ടില്ല. ഈ ഫയൽ ലഭിക്കാത്തതിനാലും 130/19 നമ്പർ പ്രോജക്ടിന്റെ എം.ബുക്കിൽ ചെയ്നേജ് അടക്കം പ്രവൃത്തി രേഖപ്പെടുത്താത്തതിനാലും റോഡ് പ്രവൃത്തിയുടെ കാര്യത്തിൽ defect liability period-ന് മുൻപ് വീണ്ടും പ്രവൃത്തി നടന്നിട്ടുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

148758 രൂ യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

(ii) 2018-19 വർഷത്തിൽ ഒരേ പേരിൽ രണ്ട് പ്രവൃത്തികൾ ഉള്ളതായി കാണുന്നു. ഈ പ്രവൃത്തികളിലും റോഡിന്റെ ലൊക്കേഷൻ സ്കെച്ച് ഫയലിൽ ഇല്ല , എം.ബുക്കിൽ ചെയ്നേജ് ഇല്ല എന്നീ കാരണങ്ങളാൽ പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| (a)പ്രോജക്ട് നമ്പർ | 132/19 |
| പ്രോജക്ട് | പുതിയെടുത്ത് മുക്ക് - എ.കെ.ജി വായനശാല<br>റോഡ് ടാറിങ് |
| ചെലവഴിച്ച തുക , ഫണ്ട് | 199543 രൂ , MG(R) |
| എം.ബുക്ക്നമ്പർ,പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 91/17-18 , 348543 രൂ |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി | ae/edy/4/18-19 തിയ്യതി 30.6.18 |
| കരാറുകാരൻ | കെ.ടി.കെ ബാബു |
| (b)പ്രോജക്ട് നമ്പർ | 74/19 |
| ചെലവഴിച്ച തുക , ഫണ്ട് | 322439 രൂ , MG(R) |
| എം.ബുക്ക് നമ്പർ , പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 106/18-19, 322439 രൂ |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ ,തിയ്യയി | ae/edy/32/18-19 തിയ്യതി 22.3.19 |
| കരാറുകാരൻ | പി.പവിത്രൻ |

132/19 നമ്പർ പ്രോജക്ടിന്റെ എം.ബുക്കിൽ പ്രവൃത്തികളുടെ ചെയ്നേജ് തീരെ എഴുതിയിട്ടില്ല. 74/19 പ്രോജക്ടിൽ ഭാഗികമായാണ് എഴുതിയത്. ഇക്കാരണത്താൽ ഇരട്ടിപ്പ് നടന്നിട്ടുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

12. താഴെചേർക്കുന്ന കെട്ടിടനിർമ്മാണ പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 145/19 |
| പ്രോജക്ട് | തലായി സേവാഗ്രാം മെയിന്റനൻസ് |
| ചെലവഴിച്ച തുക | 148165 രു |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി | ae/edy/17/18-19 തിയ്യതി 1.12.18 |

മെയിന്റനൻസ് നടത്തിയ കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോ എന്നത് വ്യക്തമല്ല. വിശദീകരണം നല്കേണ്ടതാണ്. 148165 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു. വിശദീകരണം നല്കേണ്ടതാണ്.

## 1-16 എസ്റ്റിമേറ്റിന് വിരുദ്ധമായി സബ്-ഗ്രേഡ്, GSB ലെയർ ഇല്ലാത്ത സ്ഥലത്ത് ടാറിങ് പ്രവൃത്തി

| | |
|---|---|
| പ്രോജക്ട് നമ്പർ | 117/19 |
| പ്രോജക്ട് | പാറക്കെട്ടിൽ എടവത്ത് കണ്ടി റോഡ് ടാറിങ് |
| വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 3 ലക്ഷം രു |
| ചെലവഴിച്ച തുക | 3 ലക്ഷം രു |
| തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 50000 രു |
| ചെലവഴിച്ച തുക | 47247 രു |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് വിശദാംശങ്ങൾ | ട്രഷറി ബിൽ നമ്പർ ae/edy/6/18-19 തിയ്യതി 30.6.18 , തുക 3 ലക്ഷം രു<br>ചെക്ക് നമ്പർ 1930965 തിയ്യതി 20.7.18 , തുക 110885 രു |

| | |
|---|---|
| | |
| ടി.എസ് നമ്പർ | 40201/2017-18 |
| എസ്റ്റിമേറ്റ് നമ്പർ | 2017/55595 |
| അടങ്കൽ തുക | 350000 രൂ |
| എം.ബുക്ക് നമ്പർ , പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 102/17-18 , 347247 രൂ |
| കരാറുകരാൻ | ഹമീദ്.കെ |

എസ്റ്റിമേറ്റ് പ്രകാരം 112 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ സബ്-ഗ്രേഡ് നിർമ്മാണം , GSB , WMM , prime coat , tack coat ,20 m.m pre mix carpet, seal coat എന്നീ ഇനങ്ങൾ അടങ്ങിയതാണ് പ്രവൃത്തി. എന്നാൽ എം.ബുക്ക് പരിശോധിച്ചതിൽ subgrade നിർമ്മാണം , granular sub base നിർമ്മാണം എന്നീ പ്രവൃത്തികൾ 106 മീറ്റർ നീളത്തിലും 3.1 മീറ്റർ വീതിയിലുമാണ് നടത്തിയത് എന്നു കാണുന്നു. എന്നാൽ ടാറിങ് പ്രവൃത്തികൾ ഇതിനു പുറമേ 8 മീറ്റർ നീളത്തിലും 4.2 മീറ്റർ ശരാശരി വീതിയിലും അധികമായി നടത്തിയിട്ടുണ്ട്. സബ്-ഗ്രേഡ്, GSB ലെയർ നിർമ്മിച്ചിട്ടില്ലാത്ത ഭാഗത്താണ് ഈ അധിക ടാറിങ് എന്നാണ് എം.ബുക്കിൽ നിന്നും വ്യക്തമാകുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവൃത്തി സ്ഥലത്തിന്റെ സ്കെച്ച്, പ്രവൃത്തിയുടെ ചെയ്നേജ് എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല. site conditions സംബന്ധിച്ച പ്രത്യേക പരാമർശങ്ങളൊന്നും ഫയലിൽ ഇല്ല. അധികമായി നടത്തിയ ടാറിങ് പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തി | നീളം (മീ) | വീതി (മീ) | കനം (മീ) | അളവ് | നിരക്ക് | ചെലവ് (രൂ) |
|---|---|---|---|---|---|---|---|---|
| 1. | 4.9 | WMM | 8 | $\frac{(5.2+3.2)}{2}$ = 4.2 | .075 | 2.52 എം3 | 3089.51 രൂ/എം3 | 7786 |
| 2. | 75.5.1.1.pb | Primer coat | 8 | 4.2 | - | 33.6 എം2 | 39.23രൂ/ എം2 | 1318 |
| 3. | 75.5.2.2.pb | Tack coat | 8 | 4.2 | - | 33.6 എം2 | 13.45രൂ /എം2 | 452 |
| 4. | 75.5.9.1.2.pb | Premix carpet | 8 | 4.2 | - | 33.6 എം2 | 164.7രൂ /എം2 | 5534 |
| 5. | 75.5.12.A.3.2. pb | Seal coat | 8 | 4.2 | - | 33.6 എം2 | 65.31 രൂ /എം2 | 2194 |

ആകെ: 17284 രൂ

112 മീറ്റർ നീളത്തിൽ സബ്-ഗ്രേഡ് നിർമ്മിച്ച് ടാറിങ് നടത്തണമെന്ന് എസ്റ്റിമേറ്റ് പരാമർശം നിലവിലിരിക്കെ സബ്-ഗ്രേഡ് / GSB പിൻബലം ഇല്ലാത്തയിടത്ത് ടാറിങ് നടത്തിയതിന് വിശദീകരണം നല്കേണ്ടതാണ്. 17284 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 കമ്പ്യൂട്ടറുകൾ അനുബന്ധ ഹാർഡ്‌വെയറുകൾ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പ്രൊജക്റ്റ്- കമ്പ്യൂട്ടറിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും A M C

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

നം- 7/19

അടങ്കൽ- 60000/-രൂപ (തനതു ഫണ്ട്)

ചെലവ്- 38409/- രൂപ

മേൽപ്പറഞ്ഞ പ്രോജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും A M C യ്ക്കായി കെൽട്രോണുമായി കരാർ വെയ്ക്കുകയും 7 കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും പരിപാലനത്തിനായി 38409 രൂപ നൽകിയിട്ടുമുണ്ട്. A M C രജിസ്റ്ററും Hardware maintenance മറ്റും സൂക്ഷിച്ചിട്ടുണ്ടെങ്കിലും ധനകാര്യ വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ (expendible stores) ഓഫീസ് ഫർണിച്ചർ , പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം ധനകാര്യ വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരം കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ്‌വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. (മാതൃക സർക്കുലറിനു അനുബന്ധമായുണ്ട് ) കമ്പ്യൂട്ടറുകൾ അനുബന്ധ ഹാർഡ്‌വെയറുകൾ എന്നിവയുടെ വിശദാംശങ്ങളും, കമ്പ്യൂട്ടറിന്റെ configuration, make version , vendor, guarantee / warantee വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതാണ്. ഓരോ ആറു മാസത്തിലോ, പുതിയ കമ്പ്യൂട്ടറോ സോഫ്റ്റ്‌വെയറോ സ്ഥാപിക്കുമ്പോഴോ, മാറ്റം വരുത്തുമ്പോഴോ ഓഫീസ് മേധാവി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. സോഫ്റ്റ്‌വെയറുകളുടെ ഒറിജിനൽ സിഡി/ഡിവിഡി എന്നിവ ലൈസൻസ് സർട്ടിഫിക്കറ്റ് സഹിതം ഓഫീസ് മേധാവി safe custody - യിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള EGP/ISO/GS/ നമ്പർ സ്റ്റോക്ക് അക്കൗണ്ട് രജിസ്റ്റർ ഇപ്രകാരമല്ല സൂക്ഷിച്ചിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15 നു മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പും നടത്തുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ 4/2018-19 തി 10.03.2019 നമ്പർ അന്വേഷണക്കുറിപ്പിനു ലഭിച്ച മറുപടിയിൽ 2020-21 വർഷം മുതൽ നിലവിലുള്ള സ്റ്റോറിന്റെ സ്ഥിതി വിവരം എടുക്കുന്നതാണെന്നും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം ഓഡിറ്റ് നിർദ്ദേശ പ്രകാരം കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ്‌വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് നിശ്ചിത മാതൃകയിൽ തയ്യാറാക്കിയിട്ടുണ്ട്. മറുപടിയിൽ പരാമർശിച്ച നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ആദായനികുതി ഫയൽ ചെയ്തതിലെ അപാകത 15390/- രൂപ നഷ്ടം

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 25.05.2018ലെ 26/18 നമ്പർ തീരുമാനപ്രകാരം 2010-11 മുതൽ 2017-18 വരെ സെക്രട്ടറിയുടെ പാൻ നമ്പർ ഉപയോഗിച്ച് അസി.എഞ്ചിനിയറും സെക്രട്ടറിയും പൊതുമരാമത്തുപ്രവൃത്തികളുടെ ബില്ലിൽ നിന്നും റിക്കവറി ചെയ്തതും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ആദായനികുതി റിക്കവറി ചെയ്തതും സംബന്ധിച്ച റിട്ടേൺ ഫയൽ ചെയ്യുന്നതിൽ അപാകത വരുത്തിയതിന് സെക്രട്ടറിക്ക് 22ലക്ഷം രൂപ പിഴ ചുമത്തിയതായി

ആദായനികുതി ഓഫീസിൽ നിന്നും അറിയിച്ചതിനടിസ്ഥാനത്തിൽ(കത്ത് ലഭ്യമാക്കിയിട്ടില്ല) അപാകത പരിഹരിക്കുന്നതിന് 15390/-രൂപ ടാക്സ് പ്ലാനേഴ്സിന് (വൗച്ചർ നം 2180181 തീ 06.06.2018) നൽകിയതായി കാണുന്നു.

വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| വർഷം | കരക്ഷൻ സ്റ്റേറ്റ്മെൻറിൻെറ ടോക്കൺ നമ്പർ | തുക |
|---|---|---|
| 2010-11 | 41000042723471 | 3500 |
| 2011-12 | 41000042723552 | 3500 |
| 2011-12 | 41000042723530 | 3500 |
| 2012-13 | 41000042723563 | 3500 |
| 2016-17 | 41000046146390 | 500 |
| 2017-18 | 43449600149232 | 545 |
| 2017-18 | 103449600150643 | 345 |
| | ആകെ | 15390/- |

ആദായനികുതി ഓഫീസിൽ നിന്നും പിഴ ചുമത്തികൊണ്ടുള്ള കത്ത് ,ആദായനികുതി ഓഫീസിൽ നിന്നും പിഴ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിച്ചുകൊണ്ടുള്ള കത്ത് എന്നിവ ഹാജരാക്കേണ്ടതാണ്, അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അപാകതയ്ക്ക് ഉത്തരവാദിയായ ജീവനക്കാരിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് 12.03.2020ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/18-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല.15390/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് : പഞ്ചായത്ത് വിഹിതം നൽകൽ

നം : 4/19

അടങ്കൽ : 4,00,000 (പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് : 4,00,000/-രൂപ (ബിൽ നം. 19/18തി. 30.11.2018)

കാക്കന്നൂർ സൗത്ത് അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകൽ എന്ന പ്രൊജക്ട് പ്രകാരം 400000/-രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 4/2018-19 തി 10.03.2019 നമ്പർ അന്വേഷണക്കുറിപ്പിനു മറുപടി ലഭിച്ചിട്ടില്ല. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് 3ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-03-2017 ലെ ജി.ഒ (ഏം.എസ്) 72/2017/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

എടച്ചേരി ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 30 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 8 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 4 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 4 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 3 |

എടച്ചേരി ഗ്രാമപഞ്ചായത്തിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 1368 ആണ്. 30 അങ്കണവാടികളിൽ 391 കുട്ടികൾ ഹാജരാകുന്നുണ്ട്. 22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്.കുടിവെള്ള സൗകര്യം,വൈദ്യുതി കണക്ഷൻ, സ്വന്തമായി കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തലങ്ങളിൽ സ്വീകരിച്ചതായി കാണുന്നില്ല.

## 1-21 പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി, എടച്ചേരി 2018-19ൽ നടപ്പിലാക്കിയ താഴെപ്പറയുന്ന് പ്രൊജക്ടുകളിൽ മരുന്നുകൾ വാങ്ങുന്നതിനായി തുക കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയായി മരുന്നുകൾ ലഭിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | കൈമാറിയ തുക | മരുന്നുകൾ ലഭ്യമായത് (തുക) | മരുന്നുകൾ ലഭിക്കാനുള്ളത് (തുക) |
|---|---|---|---|---|
| 41/18-19 | പാലിയേറ്റീവ് കെയർ | 1,00,000 | 54,617 | 45,383 |
| 156/18-19 | മരുന്ന് വാങ്ങൽ | 50,000 | 28,502 | 21,598 |
| ആകെ | | | | 66,981 |

മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 ആശ്രയ പരിചരണ സേവന പേക്കേജ് -നടപ്പിലാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഒ

പ്രൊജക്ട് : ആശ്രയ പരിചരണ സേവന പേക്കേജ്

നം : 53/19

അടങ്കൽ : 1,00,000

80,000/- (പൊതു വിഭാഗം സാധാരണ വിഹിതം)

20000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെലവ് : 1,00,000/-രൂപ (80,000ബിൽ നം. 5/18-19തി. 27.01.2019)

20000/- T S B Cheque No 9153346 Dt 18.03.2019

ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ പരിചരണ സേവന പേക്കേജ് നടപ്പിലാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് ഏതു തരത്തിലുള്ള പരിചരണം അല്ലെങ്കിൽ സേവനമാണ് നൽകുന്നതെന്ന് പ്രോജക്ടിൽ സൂചിപ്പിക്കുന്നില്ല. ഒരു ലക്ഷം രൂപ ഇതിലേക്കായി കുടുംബശ്രീയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതു സംബന്ധിച്ചോ തുക ചെലവഴിച്ചതിന്റേയോ, ഗുണഭോക്താക്കൾക്ക് എന്തെങ്കിലും സേവനം നൽകിയതിന്റേയോ വിശദാംശങ്ങൾ ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ 10/2018-19 തി 16.03.2019 നമ്പർ അന്വേഷണക്കുറിപ്പിനു മറുപടി ലഭിച്ചിട്ടില്ല. 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ പദ്ധതിയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ മുൻവർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ സാമ്പത്തിക പരാധീനതകൾ ഉൾപ്പെടെയുള്ള പല കാരണങ്ങളാലും നിർമ്മാണം മുടങ്ങിയ പണി തീരാത്ത വീടുകളുടെ പൂർത്തീകരണമായിരുന്നു ലക്ഷ്യമിട്ടത്.

എടച്ചേരി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം എന്ന വിഭാഗത്തിലാണ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു.

1.പ്രോജക്ട് നമ്പർ 2/19

ലൈഫ് ഭവനപദ്ധതി - ജനറൽ - പുതിയ വീടുകൾ

പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച് പദ്ധതിയിൽ പൊതുവിഭാഗം സാധാരണ വിഹിതമായി 32,00,000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 1083383/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3,00,000/- രൂപയും വായ്പയും മറ്റുമായി 20216617/- രൂപയും ചേർത്ത് 24800000/- രൂപയാണ് അടങ്കൽ.

ഇതിൽ സാധാരണവിഹിതത്തിൽ 3140000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം1080000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000/-രൂപയും വായ്പയും മറ്റുമായി 5620000/-രൂപയും അടക്കം 10140000/- ചെലവഴിച്ചു.

2. ലൈഫ് ഭവനം - എസ്.സി. പുതിയ വീടുകൾ - (46/19)

എസ്.സി.പി. 323985/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 276015/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000/-രൂപയും ചേർത്ത് 800000/- രൂപയാണ് അടങ്കൽ. ഇതിൽ എസ്.സി.പി.യിലെ 323985/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 76015/- രൂപയും അടക്കം 400000/-രൂപ ചെലവഴിച്ചത്

ആകെ 62 ഗുണഭോക്താക്കളാണ് കരാർ വെച്ചത് (ജനറൽ 58 എസ് സി 4) 43പേർ നിർമ്മാണം പൂർത്തിയാക്കി.19 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

## ഭാഗം -2

### വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

### ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല

എടച്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ താഴെക്കാണിച്ച പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരണ കാലാവധിക്കു ശേഷമാണ് പ്രവൃത്തികൾ പൂർത്തീകരിച്ചത്. ഈ പ്രവൃത്തികളിൽ ഒന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. 1.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012 /പി.ഡബ്ള്യു.ഡി നമ്പർ ഉത്തരവ് സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ദീർഘിപ്പിക്കുന്നത് , ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലധികം അധികരിക്കാവതല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം ദീർഘിപ്പിക്കുന്നതിന് പി.എ.സി തുകയുടെ 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നല്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് (നം , പേര് ) | ചെലവഴിച്ച തുക(രൂ) , ഫണ്ട് | ചെലവ് വിശദാംശം (ട്ര.ബി.നം/ ചെക്ക് നമ്പർ) | ടി.എസ് നമ്പർ , ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എഗ്രി. നമ്പർ , തിയ്യതി | എം.ബുക്ക് നമ്പർ , എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | പി.എ.സി തുക (രൂ) | കരാറു കാരൻ | ഈടാക്കേണ്ട പിഴ / റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1. | 74/19 , പുതിയെട്ടത്ത് മുക്ക്- എ.കെ.ജി വായനശാല റോഡ് റീടാറിങ് | 322439 രൂ, MG(R) | ട്ര.ബി.നം. ae/edy/32/ 18-19 തിയ്യതി 22.2.19 | 21000/18-19, 4 മാസം | ae/lsgd/18/ 18-19 തിയ്യതി 14.9.18 | 106/18-19, 13.2.19 | 322484 രൂ | പി.പവിത്രൻ | 3225 രൂ (പി.എ.സി തുകയുടെ 1 %) |
| 2. | 141/19 ,(84/18) പുത്തന്പുരയിൽമുക്ക് ആയനക്കണ്ടി റോഡ് ടാറിങ് | 459210 രൂ, MG(R) | ട്ര.ബി.നം. ae/edy/27/ 18-19 തിയ്യതി 22.3.19 | 66337/17-18, കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. | ae/lsgd/17/ 17-18 തിയ്യതി 30.1.18 | 85/18-19, 24.1.19 | 458618 രൂ | സി. പ്രശോഭൻ | പ്രോജക്ട് നമ്പർ 141/19 സ്പിൽ ഓവർ പ്രോജക്ട് ആണ്.2017-18 വർഷത്തെ 84/18നമ്പർ ഏകവർഷ പ്രോജക്ട് ആയാണ് ആരംഭിച്ചത്. എഗ്രിമെന്റ് വെച്ചതും 2017-18 ലാണ്. ആയതിനാൽ 31.3.18 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | തിയ്യതിയിൽ പൂർത്തികേണ്ടതായി കണക്കാക്കുന്നു. ഈടാക്കേണ്ട പിഴ 13759 രൂ (പി.എ.സി തുകയുടെ 3%) |
| 3. | 67/19, കുടുംബാരോഗ്യ കേന്ദ്രം കോമ്പൌണ്ടിൽ വയോജന സൌഹൃദ കേന്ദ്രം | 242430രൂ (വികസനം), 151527 രൂ (തനത്) | ae/edy/36/ 18-19 തിയ്യതി 22.3.19 ചെക്ക് നമ്പർ 3061657 തിയ്യതി 23.3.19 | 55757/ 18-19, 3 മാസം | ae/lsgd/6/ 18-19 തിയ്യതി 1.9.18 | 80/18-19, 70/18-19, 28.1.19 | 456395 | രാജീവൻ പി.ടി.കെ | 13692 രൂ (പി.എ.സി തുകയുടെ 3 %) |
| 4. | 72/19, കൈപ്പാണിമുക്ക് അങ്കണവാടി റോഡ് പുനരുദ്ധാരണം | 285361 രൂ, MG(R) | ae/edy/40/ 18-19 തിയ്യതി 22.3.19 | 19852/ 18-19, 4 മാസം | ae/lsgd/2/ 18-19 തിയ്യതി 6.8.18 | 64/18-19, 8.2.19 | 297912 | രജിത്ത്. പി.കെ | 8937 രൂ (പി.എ.സി തുകയുടെ 3%) |
| 5. | 71/19, കരുവാരിമുക്ക്-ചുണ്ടയിൽതെരു റോഡ് പുനരുദ്ധാരണം | 370641 രൂ, MG(R) | ae/edy/48/ 18-19 തിയ്യതി 29.3.19 | 4192/ 18-19, 4 മാസം | ae/lsgd/15/ 18-19 തിയ്യതി 1.9.18 | 135/18-19, 19.3.19 | 389639 | വളയം ലേബർ കോൺട്രാക്ക് കോ ഓപ്പറേറ്റീവ് | 11689 രൂ (പി.എ.സി തുകയുടെ 3%) |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | സൊസൈറ്റി | |
| 6. | 102/19, മാരാംകണ്ടി തെക്കയിൽ മുക്ക് കോളനി റോഡ് | 450000 രൂ, തനത് | ചെക്ക് നമ്പർ 2185209 തിയ്യതി 26.3.19 | 35331/ 18-19, 4 മാസം | ae/lsgd/17/ 18-19 തിയ്യതി 14.9.18 | 104/18-19, 7.2.19 | 449526 | വിപിൻ കുമാർ.പി | 4495 രൂ (പി.എ.സി തുകയുടെ 1%) |

ആകെ പിഴ :55797 രൂ

55797 രൂ പിഴ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ആദായനികുതി ഫയൽ ചെയ്യതിലെ അപാകത 15390/- രൂപ നഷ്ടം

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 25.05.2018ലെ 26/18 നമ്പർ തീരുമാനപ്രകാരം 2010-11 മുതൽ 2017-18 വരെ സെക്രട്ടറിയുടെ പാൻ നമ്പർ ഉപയോഗിച്ച് അസി.എഞ്ചിനിയറും സെക്രട്ടറിയും പൊതുമരാമത്തുപ്രവൃത്തികളുടെ ബില്ലിൽ നിന്നും റിക്കവറി ചെയ്യതും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ആദായനികുതി റിക്കവറി ചെയ്യതും സംബന്ധിച്ച റിട്ടേൺ ഫയൽ ചെയ്യുന്നതിൽ അപാകത വരുത്തിയതിന് സെക്രട്ടറിക്ക് 22 ലക്ഷം രൂപ പിഴ ചുമത്തിയതായി ആദായനികുതി ഓഫീസിൽ നിന്നും അറിയിച്ചതിനടിസ്ഥാനത്തിൽ(കത്ത് ലഭ്യമാക്കിയിട്ടില്ല) അപാകത പരിഹരിക്കുന്നതിന് 15390/-രൂപ ടാക്സ് പ്ലാനേഴ്സിന് (വൗച്ചർ നം 2180181 തീ 06.06.2018) നൽകിയതായി കാണുന്നു.

വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| വർഷം | കരക്ഷൻ സ്റ്റേറ്റ്മെൻറിൻെറ ടോക്കൺ നമ്പർ | തുക |
|---|---|---|
| 2010-11 | 41000042723471 | 3500 |
| 2011-12 | 41000042723552 | 3500 |
| 2011-12 | 41000042723530 | 3500 |
| 2012-13 | 41000042723563 | 3500 |
| 2016-17 | 41000046146390 | 500 |
| 2017-18 | 43449600149232 | 545 |
| 2017-18 | 103449600150643 | 345 |
| | ആകെ | 15390/- |

ആദായനികുതി ഓഫീസിൽ നിന്നും പിഴ ചുമത്തികൊണ്ടുള്ള കത്ത് ,ആദായനികുതി ഓഫീസിൽ നിന്നും പിഴ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിച്ചുകൊണ്ടുള്ള കത്ത് എന്നിവ ഹാജരാക്കേണ്ടതാണ്, അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അപാകതയ്ക്ക് ഉത്തരവാദിയായ ജീവനക്കാരിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് 12.03.2020ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/18-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 15390/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 01.08.2019 - 02.08.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(15) തീയതി- 09.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,10,000 | പച്ചക്കറി കൃഷി കൂലിചെലവ് സബ്സിഡി | 1,71,500 | 38,500 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,75,000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 1,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 20,000 | ആശ്രയ-പരിചരണ സേവന പാക്കേജ് | 20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,25,000 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ് | 1,25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 6,80,000 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസന്റീവ് | 6,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,10,000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 2,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 10,83,383 | ലൈഫ് മിഷൻ ഭവന പദ്ധതി | 10,80,000 | 3,383 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 76,015 | ലൈഫ് മിഷൻ ഭവന പദ്ധതി(എസ്.സി) | 76,015 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 62,500 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ് | 62,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50,000 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50,000 | ക്ഷീരഗ്രാമം | 50,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 68/2018 ത.സ്വ ഭ വ തിയതി 18-05-2018 | 56,20,000 | 56,20,000 | 0 | 0 | 56,20,000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം കോഓപ്പറേറ്റീവ് ഹോസ്പിറ്റലിനു നൽകിയ വിഹിതം | | | 10,000 | |
| ആകെ | | | | 10,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | -- | 2003-04 | 11-14 | സമഗ്ര പുരയിട കൃഷി വികസന പദ്ധതി | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| -- | -- | 2012-13 | 3-4-5-1 | തൊഴിലുറപ്പ് പദ്ധതി | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-5 | നീർത്തടാധിഷ്ഠിത പദ്ധതികൾ | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-6 | തൊഴിലുപകരണ പദ്ധതികൾ | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2-5 | റോഡുകളുടെ ചുമതലാവിഭജനം | തടസ്സം തുടരുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,22,26,336 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,36,86,718 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71,187 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,01,266 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 55,797 | സുനിത.പി.കെ, അസി.എഞ്ചിനീയർ |
| 3-2 | | 15,390 | സജീവൻ.എം.സി, സെക്രട്ടറി(ഇൻ ചാർജ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 20,038 | സുനിത.പി.കെ, അസി.എഞ്ചിനീയർ |
| 1-15 | 2,96,923 | സുനിത.പി.കെ, അസി.എഞ്ചിനീയർ |
| 1-16 | 17,284 | സുനിത.പി.കെ, അസി.എഞ്ചിനീയർ |
| 1-19 | 4,00,000 | വി.പി.മോഹനരാജ്, സെക്രട്ടറി |
| 1-21 | 66,981 | ഡോ. വിപിൻ, മെഡിക്കൽ ഓഫീസർ |
| 1-22 | 80,000 | രാജേഷ്.കെ, വി.ഇ.ഒ |
| | 20,000 | റിജിന.ടി, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിത.പി.കെ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചോറോട് ഗ്രാമപഞ്ചായത്ത്, എൽ.എസ്.ജി.ഡി | അനന്തപുരി, കച്ചേരി(പി.ഒ), കോഴിക്കോട് |
| മോഹൻരാജ്.വി.പി, സെക്രട്ടറി | സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത് | മഠത്തിൽ മീത്തൽ, ആയഞ്ചേരി (പി.ഒ), കോഴിക്കോട് |

| | | |
|---|---|---|
| സജീവൻ.എം.സി, സെക്രട്ടറി(ഇൻ ചാർജ്) | അസി.സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത് | മടവൻചാലിൽ,മേപ്പയിൽ, വടകര |
| രാജേഷ്.കെ, വി.ഇ.ഒ | വി.ഇ.ഒ, വളയം ഗ്രാമപഞ്ചായത്ത് | ഇന്ദീവരം,പന്തക്കൽ, മാഹി |
| റിജിന.ടി, വി.ഇ.ഒ | വി.ഇ.ഒ, എടച്ചേരി ഗ്രാമപഞ്ചായത്ത് | താഴെവീട്ടിൽ,ഇരിങ്ങണ്ണൂർ(പി.ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-3 |
| 2002-03 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 7 | 2-3, 2-4, 2-5, 3-4, 3-5, 3-6, 3-7 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(1) തീയതി 26.06.19 | 4 | 2-3, 2-5, 3-1, 3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(2) തീയതി 26.06.19 | 14 | 3-2(1), 3-4, 3-6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(3) തീയതി 26.06.19 | 4 | 3-2(A,B,C), 3-5 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(4) തീയതി 26.06.19 | 4 | 3-2, 3-6, 3-7, 3-8 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(5) തീയതി 26.06.19 | 10 | 2-1(4),2-1(8),3-1(1)(2), 3-2(1)(2), 3-3,3-4,3-5(2), 3-9 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(6) തീയതി 26.06.19 | 16 | 2-2(2),3-4,3-5,3-8(1)(2)(4)(6),3-10,3-11,3-16 |

| | | | |
|---|---|---|---|
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി.പി9/ 905/15തീയതി 14-09-15 | 16 | 1-3,2-1,3-2,3-3, 3-4,3-5,3-6,3-8, 3-9,3-10,3-11 3-12,4-1,4-2, 4-4, 4-11 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി 9/ 1507/17 തീയതി- 23.11.2017 | 9 | 3-2,3-3,3-4, 3-5,3-7, 3-8,3-9, 3-10,3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി 9/ 688/2017 തീയതി-04.01.2018 | 15 | 2-1,2-3,2-4,2-6, 3-1,3-4,3-7,3-8, 3-10,3-11, 3-15,3-17,3-18, 3-19,3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി 9/ 2436/2017 തീയതി | 11 | 2-1,2-2,2-4, 3-2,3-3,3-6, 3-8,3-9,3-10, 3-13,3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി 9/ 395/2017 തീയതി-04.07.19 | 23 | 1-10,1-12,2-1,2-2,2-3,2-4 2-5,3-1,3-2(1)(2)(3),3-3, 3-4,3-5,3-6,3-7,3-8, 3-9,3-11,3-12,3-13,4-10 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.**

<u>അനുബന്ധം</u>

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

നം:കെ.എസ്.എ.കെ.കെ.ഡി.പി 5 / 361/2020 തീയതി:05.05.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **എടച്ചേരി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.**